എ.വൈ.ആർ

സൂറ-10

# യൂനുസ്

وَيَقُولُونَ لَوْلَآ أُنزِلَ عَلَيْهِ ءَايَةٌ مِّن رَّبِّهِۦ ۖ فَقُلْ إِنَّمَا ٱلْغَيْبُ لِلَّهِ
فَٱنتَظِرُوٓا۟ إِنِّى مَعَكُم مِّنَ ٱلْمُنتَظِرِينَ ﴿٢٠﴾

وَإِذَآ أَذَقْنَا ٱلنَّاسَ رَحْمَةً مِّنۢ بَعْدِ ضَرَّآءَ مَسَّتْهُمْ إِذَا لَهُم مَّكْرٌ
فِىٓ ءَايَاتِنَا ۚ قُلِ ٱللَّهُ أَسْرَعُ مَكْرًا ۚ إِنَّ رُسُلَنَا يَكْتُبُونَ مَا تَمْكُرُونَ
﴿٢١﴾

20 ഈ പ്രവാചകന് തന്റെ നാഥനിൽനിന്ന് ഒരു ദൃഷ്ടാന്തമവതരിക്കാത്തതെന്ത് എന്ന് ഇക്കൂട്ടർ ചോദിക്കുന്നുണ്ടല്ലോ. അവരോടു പറയുക: അതി ഭൗതിക ശക്തികളൊക്കെയും അല്ലാഹുവിന്റെ ഉടമസ്ഥതയിലാകുന്നു. ശരി, നിങ്ങൾ കാത്തിരിക്കുക; ഒപ്പം ഞാനും കാത്തിരിക്കാം.

21 ജനത്തെ നാം ദുരിത ബാധക്കുശേഷം അനുഗ്രഹമാസ്വദിപ്പിച്ചാൽ, ഉടനെ നമ്മുടെ ദൃഷ്ടാന്തങ്ങളുടെ കാര്യത്തിൽ ഉപായങ്ങൾ കണ്ടെത്തുകയത്രെ അവരുടെ സ്വഭാവം. പ്രവാചകൻ അവരോട് പറയുക: ഉപായം മെനയുന്നതിൽ നിങ്ങളെക്കാൾ സമർഥനാകുന്നു അല്ലാഹു. നിങ്ങൾ മെനയുന്ന ഉപായങ്ങളൊക്കെയും നമ്മുടെ ദൂതന്മാർ രേഖപ്പെടുത്തുന്നുണ്ട്.

وَيَقُولُونَ= അവർ പറയുന്നു(ചോദിക്കുന്നുണ്ടല്ലോ) لَوْلَآ أُنزِلَ= ഇറക്കപ്പെടാത്തതെന്തുകൊണ്ട് عَلَيْهِ= അവന്ന് (ഈ പ്രവാചകന്)
ءَايَةٌ= ഒരു ദൃഷ്ടാന്തം مِّن رَّبِّهِۦ= അവ(ത)ന്റെ നാഥങ്കൽനിന്ന് فَقُلْ= അപ്പോൾ നീ(പ്രവാചകൻ അവരോടു) പറയുക
إِنَّمَا ٱلْغَيْبُ= അഗോചരം (അതിഭൗതിക ശക്തികളൊക്കെയും) لِلَّهِ= അല്ലാഹുവിന് (വിന്റെ ഉടമസ്ഥതയിൽ)ആകുന്നു
فَٱنتَظِرُوٓا۟= (ശരി) നിങ്ങൾ കാത്തിരിക്കുക إِنِّى مَعَكُم= ഞാനും നിങ്ങളോടൊപ്പം
مِّنَ ٱلْمُنتَظِرِينَ= കാത്തിരിക്കുന്നവരിൽ പെട്ടവനാകുന്നു (കാത്തിരിക്കാം) وَإِذَآ أَذَقْنَا= നാം ആസ്വദിപ്പിച്ചാൽ ٱلنَّاسَ= ജനങ്ങളെ
رَحْمَةً= അനുഗ്രഹം مِّنۢ بَعْدِ ضَرَّآءَ= ദുരിതത്തിന്, ക്ലേശത്തിനുശേഷം مَسَّتْهُمْ= അത് അവരെ ബാധിച്ചു(അവരെ ബാധിച്ച)
إِذَا= അതാ, അപ്പോൾ, ഉടനെ لَهُم= അവർക്ക് ഉണ്ട് (അവരുടെ സ്വഭാവം) مَّكْرٌ= തന്ത്രം, ഉപായം (കണ്ടെത്തുകയത്രെ)
فِىٓ ءَايَاتِنَا= നമ്മുടെ ദൃഷ്ടാന്തങ്ങളിൽ(ങ്ങളുടെ കാര്യത്തിൽ) قُلِ= നീ (പ്രവാചകൻ അവരോടു) പറയുക
ٱللَّهُ أَسْرَعُ= അല്ലാഹു ഏറ്റം വേഗമുള്ളവനാകുന്നു(നിങ്ങളെക്കാൾ സമർഥനാകുന്നു)
مَكْرًا= തന്ത്രത്താൽ (ഉപായം മെനയുന്നതിൽ) إِنَّ رُسُلَنَا= തീർച്ചയായും നമ്മുടെ ദൂതന്മാർ (മലക്കുകൾ)
يَكْتُبُونَ= അവർ രേഖപ്പെടുത്തുന്നുണ്ട് مَا تَمْكُرُونَ= നിങ്ങൾ മെനയുന്ന ഉപായങ്ങൾ(ഒക്കെയും)

**20:** മുഹമ്മദ് ദൈവത്തിങ്കൽനിന്ന് നിയുക്തനായ പ്രവാചകൻ തന്നെയാണെങ്കിൽ അയാളെ തള്ളിപ്പറയുന്ന ഞങ്ങൾ ശിക്ഷിക്കപ്പെടാത്തതെന്തുകൊണ്ട് എന്ന അറേബ്യൻ വിഗ്രഹാരാധകരുടെ ചോദ്യം സൂചിപ്പിച്ചുകൊണ്ട് അതിനു മറുപടി നൽകുകയാണീ സൂക്തം. آيَة (ദൃഷ്ടാന്തം) കൊണ്ട് ഇവിടെ ഉദ്ദേശ്യം ദൈവിക ശിക്ഷയാണ്. ഖുർആൻ രണ്ടുതരം ശിക്ഷ താക്കീതു ചെയ്തിരുന്നു. ഒന്ന്, പ്രവാചകനെ നിഷേധിക്കുന്നതിന്റെ പേരിൽ ഈ ലോകത്ത് നേരിടേണ്ടിവരുന്നത്. സത്യവിശ്വാസവും അതിന്റെ താൽപര്യമായ സൽകർമങ്ങളും സ്വീകരിക്കാത്തതു മൂലം പരലോകത്തു നേരിടേണ്ടി വരുന്നതാണ് രണ്ടാമത്തേത്. തങ്ങൾ നിന്ദ്യമായി ശിക്ഷിക്കപ്പെടും എന്ന മുന്നറിയിപ്പ് അഭിമാനത്തെ വ്യണപ്പെടുത്തുന്നതായി അവർക്കു തോന്നിയിരുന്നു. അതുകൂടി പരിഗണിച്ചുകൊണ്ടാണ് അവർ ഖുർആനിൽ ചില മാറ്റങ്ങൾ വേണമെന്നാവശ്യപ്പെട്ടിരുന്നത്. അതിന്റെ അനുബന്ധമായിരുന്നു, നിന്റെ ഈ ഭീഷണി സത്യം തന്നെയെങ്കിൽ അതൊന്നു പുലർന്നുകാണട്ടെ എന്ന വെല്ലുവിളി. അതിനു മറുപടിയായി പ്രവാചകനോട് പറയാൻ കൽപിക്കുന്നത് ഇതാണ്: അല്ലാഹുവിൽനിന്ന് ശിക്ഷയിറങ്ങുക എന്നത് അതിഭൗതികമായ പ്രതിഭാസമാണ്. അഭൗതിക ശക്തികളൊക്കെയും അല്ലാഹുവിന്റെ മാത്രം ഹസ്തത്തിലാകുന്നു. ഇഹത്തിലോ പരത്തിലോ നിങ്ങൾക്ക് ശിക്ഷയിറക്കുക എന്റെ ജോലിയല്ല, എന്റെ കഴിവിൽ പെട്ടതുമല്ല. അല്ലാഹു ഉദ്ദേശിക്കുമ്പോൾ അവനുദ്ദേശിക്കുന്ന രീതിയിലാണതിറങ്ങുക. പക്ഷേ നിങ്ങൾ സത്യനിഷേധപരവും ദൈവധിക്കാരപരവുമായ നിലപാടുതന്നെ തുടരുകയാണെങ്കിൽ ഇന്നല്ലെങ്കിൽ നാളെ ദൈവശിക്ഷയിറങ്ങുകതന്നെ ചെയ്യും; ഒരു സംശയവും വേണ്ട. നിങ്ങൾ കാത്തിരുന്നുകൊള്ളുക. ഞാനും അതു കാത്തിരിക്കുകയാണ്.

പ്രവാചകൻ സ്വജനത്തിന്റെ നാശം ആഗ്രഹിക്കുകയും അതു കാണാൻ ആകാംക്ഷയോടെ കാത്തിരിക്കുകയും ചെയ്യുന്നു എന്ന അർഥത്തിലല്ല إِنِّي مَعَكُم مِّنَ ٱلْمُنتَظِرِينَ (ഞാനും നിങ്ങളോടൊപ്പം കാത്തിരിക്കുകയാണ്) എന്നു പറയുന്നത്. പ്രവാചകന്മാർ എപ്പോഴും സ്വജനങ്ങളെ നാശത്തിൽനിന്ന് രക്ഷിക്കാൻ വെമ്പൽകൊള്ളുന്നവരാണ്. പക്ഷേ, അവരെത്ര പരിശ്രമിച്ചാലും ചില ജനങ്ങൾ സത്യം സ്വീകരിക്കാൻ തയാറാവുകയില്ല. നിഷേധവും ധിക്കാരവും നാൾക്കുനാൾ വളർന്നുകൊണ്ടേയിരിക്കും. അങ്ങനെ ഒരു സമൂഹത്തിൽ അധർമത്തിന്റെയും അക്രമത്തിന്റെയും എല്ലാ ഘടകങ്ങളും മൂർഛിക്കുമ്പോൾ അവരുടെ വിനാശത്തെക്കുറിച്ചുള്ള പ്രവാചകന്റെ ആശങ്ക ഒരു ബോധ്യമായി മാറും. എത്ര ആത്മാർഥമായി ചികിത്സിക്കുന്ന വൈദ്യനും ഒരു ഘട്ടമെത്തിയാൽ രോഗിയുടെ മരണം ഉറപ്പിക്കുമല്ലോ. അതു തന്നെയാണ് നാശത്തിന്റെ ലക്ഷണങ്ങൾ പ്രകടമായിക്കഴിഞ്ഞ സമൂഹത്തെക്കുറിച്ച് പ്രവാചകന്മാർക്കുണ്ടാകുന്ന വികാരവും. അതിൽ ആഗ്രഹത്തിന്റെയും താൽപര്യത്തിന്റെയും പ്രശ്നമില്ല. അനിവാര്യമായ ഒരത്യാഹിതം ദുഃഖത്തോടും വേദനയോടുംകൂടി പ്രതീക്ഷിക്കുകയാണ് ഇത്തരം സന്ദർഭങ്ങളിൽ പ്രവാചകന്മാർ.

**21:** ഇസ്‌ലാമിനെ എതിർക്കുന്ന ഖുറൈശികളുടെ അവസ്ഥതന്നെയാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. അത് അവരുടെ മാത്രം അവസ്ഥയല്ലെന്നും സത്യവും ധർമവും സ്വീകരിക്കുന്നതിനുവേണ്ടി ജഡികേഛകളെ അവഗണിക്കാൻ തയാറാവാത്ത എല്ലാവരുടെയും അവസ്ഥയാണെന്നും വ്യക്തമാക്കുകയാണ്. യാതനകളും ദുരിതങ്ങളും നേരിടുമ്പോൾ എല്ലാവരും ദൈവത്തിലേക്കു തിരിയുന്നു. താണുകേണ് പ്രാർഥിക്കുന്നു. യാതനകളിൽനിന്ന് മുക്തരായാൽ, 12-ാം സൂക്തത്തിൽ പ്രസ്താവിച്ചതുപോലെ, എല്ലാം മറന്ന് പഴയ ഭൗതിക പ്രമത്തതയിലേക്കും അധർമങ്ങളിലേക്കും തന്നെ തിരിച്ചു പോകുന്നു. ചുരുക്കമാളുകൾക്കേ യാതനകൾ സമ്മാനിച്ച ദൈവബോധം നിലനിർത്താനും ധർമനിഷ്ഠരാവാനും കഴിയൂ. അധികമാളുകളും തങ്ങളുടെ ദുരിതനിവാരണത്തിന് ദൈവാനുഗ്രഹമല്ലാത്ത മറ്റെന്തെങ്കിലും കാരണങ്ങളും ന്യായങ്ങളും നിരത്താൻ ശ്രമിക്കുന്നു. വിഗ്രഹാരാധകരും ബഹുദൈവവിശ്വാസികളുമാണെങ്കിൽ ദുരിതമകന്നത് ഇന്ന പ്രതിഷ്ഠയുടെ അനുഗ്രഹംകൊണ്ട്, അല്ലെങ്കിൽ ഇന്ന ദേവന്റെ കനിവുകൊണ്ട് ആണ് എന്ന് വാദിക്കുന്നു. ചിലർ പറയും: ഗ്രഹനില നന്നായതുകൊണ്ടാണ്, രാഹുകാലം കഴിഞ്ഞതുകൊണ്ടാണ്, ഗ്രഹണം നീങ്ങിയതുകൊണ്ടാണ് ആപത്തകന്നത്. ഭൗതികന്മാർ ഭൗതികമായ കാരണങ്ങളാണ് നിരത്തുക. വരൾച്ചക്കാലത്ത് ആയിരങ്ങളുടെ പ്രാർഥനാഫലമായി മഴപെയ്താൽ പറയും: പ്രാർഥനകൊണ്ടുണ്ടായ ദൈവാനുഗ്രഹമൊന്നുമല്ല ഈ മഴ. അറബിക്കടലിൽ അല്ലെങ്കിൽ വേറെയേതെങ്കിലും സമുദ്രത്തിൽ ന്യൂനമർദം രൂപപ്പെട്ടു. അതിന്റെ ഫലമായി മഴമേഘങ്ങൾ ചലിച്ചു. മലകൾ അതിനെ തണുപ്പിച്ചു. അങ്ങനെ മഴ പെയ്തു. സൂറ *അൽ അഅ്റാഫ്* 95-ാം സൂക്തത്തിൽ ഇത്തരക്കാരെ ഇങ്ങനെ ഉദ്ധരിക്കുന്നുണ്ട്: قَدْ مَسَّ ءَابَآءَنَا ٱلضَّرَّآءُ وَٱلسَّرَّآءُ (ദുരിതങ്ങളും സന്തോഷങ്ങളും ഞങ്ങളുടെ പൂർവികരെയും ബാധിച്ചിട്ടുള്ളതാണ്). എല്ലാവരുടെയും ലക്ഷ്യം അല്ലാഹുവിന്റെ അനുഗ്രഹത്തെ നിഷേധിക്കുകയും അവന്ന് വഴിപ്പെടുന്നതിൽനിന്ന് മാറിനിൽക്കുകയുമാണ്.

ബഹുദൈവവിശ്വാസികൾ മൂർത്തികളെയും ദേവന്മാരെയും അംഗീകരിക്കുന്നതുപോലെ ഭൗതികന്മാർ ഭൗതികമായ പദാർഥ നിയമങ്ങളെ അംഗീകരിക്കുന്നു. എന്നാൽ പദാർഥ നിയമം ദൈവാനുഗ്രഹത്തെ നിഷേധിക്കാൻ ഒരിക്കലും ന്യായമാകുന്നില്ല. ഈ ലോകത്ത് സംഭവിക്കുന്ന എന്തിലും കാര്യകാരണ വ്യവസ്ഥ പ്രവർത്തിക്കുന്നുണ്ട്. കാര്യകാരണ വ്യവസ്ഥ നിശ്ചയിച്ചതും അല്ലാഹുവാണ്. വിശന്നു വശംകെട്ടവൻ, വിശപ്പുമാറാൻ അല്ലാഹുവിനോടു പ്രാർഥിക്കുന്നു. അയാൾ ഒരിടത്ത് ഭക്ഷണം കണ്ടെത്തുന്നു. അത് കൈയിലെടുത്ത് വായിലിട്ട് ചവച്ച് തൊണ്ടയിലൂടെ ഇറക്കുന്നു. അങ്ങനെ വിശപ്പകന്നപ്പോൾ അയാൾ പറയുകയാണ്, എന്റെ വിശപ്പുമാറിയത് ദൈവാനുഗ്രഹം കൊണ്ടൊന്നുമല്ല. ഞാൻ ഭക്ഷണം എന്റെ കൈകൊണ്ട് എടുത്ത് വായിലിട്ട് എന്റെ പല്ലുകൾകൊണ്ട് ചവച്ചരച്ച് എന്റെ തൊണ്ടയിലൂടെ താഴോട്ടിറക്കിയപ്പോൾ വിശപ്പുമാറിയതാണ്. ഇതുപോലെയാണ് പ്രളയത്തിൽനിന്നും മഹാമാരിയിൽനിന്നും വരൾച്ചയിൽനിന്നുമൊക്കെ രക്ഷപ്പെടുമ്പോൾ ദൈവത്തെമറന്ന് അവയുടെയൊക്കെ കാരണം ഭൗതിക പ്രതിഭാസങ്ങളിൽ ആരോപിക്കുന്നത്. മനുഷ്യജീവിതം സുഗമമാകുന്ന കാര്യകാരണ ശൃംഖലയിലെ ഏതെങ്കിലും കണ്ണി താളംതെറ്റുമ്പോഴാണ് ജീവിതം ദുരിതപൂർണമാകുന്നത്. ആ വ്യവസ്ഥയുടെ ഉപജ്ഞാതാവായ അല്ലാഹുതന്നെയാണ് ആ താളപ്പിഴയും സൃഷ്ടിക്കുന്നത്. പിന്നീട് അവൻ തന്നെ താളപ്പിഴ നീക്കുകയും ചെയ്യുന്നു. അപ്പോൾ ദുരിതമകലുന്നു. മനുഷ്യനെ അവന്റെ സ്രഷ്ടാവിനെ ഓർക്കാനും വണങ്ങാനും പ്രേരിപ്പിക്കുന്നതിനുവേണ്ടിയാണ് ഇടക്കിടെ ഇങ്ങനെ സംഭവിക്കുന്നത്. പ്രകൃതിയിൽ താളപ്പിഴകളുണ്ടാകുന്നതിനും അത് തീരുന്നതിനുമുണ്ട് കൃത്യമായ വ്യവസ്ഥ. ആത്യന്തികമായി അല്ലാഹുവാണ് അതുണ്ടാക്കുന്നതെങ്കിലും മനുഷ്യകർമങ്ങളാണതിനു നിമിത്തമാകുന്നത്. മനുഷ്യന്റെ അധർമങ്ങളും അക്രമങ്ങളും അതിരുകവിയുമ്പോൾ പ്രകൃതിവ്യവസ്ഥകൾ താറുമാറാകുന്നു. കടലിലും കരയിലും നാശം പരക്കുന്നു. ഇത്തരം നാശങ്ങളും അതിൽനിന്നുള്ള മോചനവും -സുഖദുഃഖങ്ങൾ- അല്ലാഹു

വിന്റെ ദൃഷ്ടാന്തങ്ങൾ -آيات- ആകുന്നു. ഇവിടെ فِىٓ ءَايَاتِنَا (നമ്മുടെ ദൃഷ്ടാന്തങ്ങളിൽ) എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് അല്ലാഹുവിന്റെ രക്ഷാശിക്ഷകളുടെ അടയാളമായ ദുരിതത്തെയും ദുരിതാശ്വാസത്തെയുമാണ്. പ്രവാചകൻ(സ) മക്കയിലായിരുന്നപ്പോൾ ഖുറൈശികൾ വർഷങ്ങൾ നീണ്ട ക്ഷാമത്തിലകപ്പെട്ടു. ഒടുവിൽ അവർ പ്രവാചകനെ സമീപിച്ച് അപേക്ഷിച്ചു: നീ ഞങ്ങളുടെ ക്ഷാമമകറ്റാൻ അല്ലാഹുവിനോട് പ്രാർഥിക്കണം. അങ്ങനെ അവൻ ഞങ്ങളെ രക്ഷപ്പെടുത്തുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ നിന്നെ വിശ്വസിക്കുകയും അല്ലാഹുവിന്റെ നന്ദിയുള്ള അടിമകളാവുകയും ചെയ്യാം. പ്രവാചകൻ അവർക്കുവേണ്ടി പ്രാർഥിക്കുകയും ക്ഷാമവും വരൾച്ചയും അകന്നുപോവുകയും ചെയ്തു. പക്ഷേ, ഖുറൈശികൾ വാക്കുപാലിച്ചില്ല. അവർ ധിക്കാരത്തിൽ ഉറച്ചുനിന്നു.

ദുരിതവും നിവാരണവുമുണ്ടാകുമ്പോൾ അവ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളായി മനസ്സിലാക്കി അവനിലേക്ക് കൂടുതൽ കൂടുതൽ അടുക്കാൻ ശ്രമിക്കുകയാണ് നാം ചെയ്യേണ്ടത്. പക്ഷേ, അസത്യത്തിൽ ആണ്ടുപോയവർക്ക് അതിന് ഭാഗ്യം ലഭിക്കുന്നില്ല. അവർ പലതരം വിതണ്ഡവാദങ്ങളുന്നയിച്ച് അതിൽനിന്ന് തെന്നിമാറുന്നു. ചിലർ ആപത്തും ആപത്‍രക്ഷയും അവരാരാധിക്കുന്ന വ്യാജദൈവങ്ങളിലാരോപിക്കുമ്പോൾ, ചിലർ പ്രകൃതി വ്യവസ്ഥയെത്തന്നെ രക്ഷകനും ശിക്ഷകനുമാക്കിക്കൊണ്ട് പ്രകൃതിയുടെ സ്രഷ്ടാവും നിയന്താവുമായ അല്ലാഹുവിനെ നിഷേധിക്കുന്നു.

إِذَا لَهُم مَّكْرٌ എന്നതിന്റെ വാക്കർഥം 'ഉടനെ അവർക്ക് തന്ത്രമുണ്ട്' എന്നാണ്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളല്ലെന്നു വരുത്താൻ ഉപായങ്ങൾ കണ്ടെത്തുന്നു എന്നാണുദ്ദേശ്യം. مَّكْرٌ -ന്റെ അർഥം നേരത്തെ *ആലുഇംറാൻ* 54-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. مَّكْرٌ -നെ അല്ലാഹുവിലേക്ക് ചേർത്ത് പറയുന്നതിന്റെ സാംഗത്യവും അവിടെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. 'അല്ലാഹു തന്ത്രം മെനയുന്നതിൽ നിങ്ങളെക്കാൾ സമർഥനാകുന്നു' എന്നു തർജമ ചെയ്തിട്ടുള്ളത് ٱللَّهُ أَسْرَعُ مَكْرًا എന്ന വാക്യത്തെയാണ്. തന്ത്രത്താൽ അല്ലാഹു ഏറ്റം വേഗതയുള്ളവനാകുന്നു എന്നാണ് ഭാഷാർഥം. أَسْرَعُ (ഏറെ വേഗമുള്ളവൻ) എന്ന പദത്തിന്റെ താൽപര്യം احكم واتقن (ഉറപ്പും ഭദ്രതയുമുള്ളവൻ) എന്നാണ്. ചില പണ്ഡിതന്മാർ ഈ പദത്തിന് 'വേഗമുള്ളവൻ' എന്നുതന്നെ അർഥം നൽകുകയും ഇങ്ങനെ വ്യാഖ്യാനിക്കുകയും ചെയ്തിരിക്കുന്നു: സത്യത്തെ നിഷേധിക്കാൻ ഓരോ തന്ത്രങ്ങളാവിഷ്കരിക്കാനാണ് നിങ്ങളാഗ്രഹിക്കുന്നതെങ്കിൽ എന്തു തന്ത്രം വേണമെങ്കിലും സ്വീകരിച്ചുകൊള്ളുക. പക്ഷേ, ഏതു തന്ത്രത്തെയും അതിവേഗം തിരിച്ചടിക്കാൻ കഴിയുന്നവനാണ് അല്ലാഹു. അവന് നിങ്ങളെപ്പോലെ നീണ്ട കാലത്തെ ആലോചനയോ ആസൂത്രണമോ ഒന്നും വേണ്ട. അവന്റെ പദ്ധതികളെല്ലാം ഉടനടി രൂപംകൊള്ളുകയും പ്രാവർത്തികമാവുകയും ചെയ്യും. ആർക്കും ഒരുതരത്തിലും മറികടക്കാനാവാത്തതായിരിക്കും ആ തന്ത്രങ്ങൾ.

إِنَّ رُسُلَنَا يَكْتُبُونَ مَا تَمْكُرُونَ (നമ്മുടെ ദൂതന്മാർ നിങ്ങൾ മെനയുന്ന തന്ത്രങ്ങളൊക്കെയും എഴുതുന്നുണ്ട്) എന്നതിലെ 'ദൂതന്മാർ' കൊണ്ടു വിവക്ഷിക്കുന്നത്, ഓരോ മനുഷ്യന്റെയും കർമങ്ങൾ മുഴുവൻ എഴുതി സൂക്ഷിക്കാൻ നിയുക്തരായ മലക്കുകളെയാണ്. രഹസ്യവും നിഗൂഢവുമായ മാർഗമാണല്ലോ തന്ത്രം -مَّكْرٌ. അതൊക്കെ അല്ലാഹുവിന്റെ ദൂതന്മാർ രേഖപ്പെടുത്തുന്നു എന്നതിന്റെ താൽപര്യം, നിങ്ങൾ വലിയ തന്ത്രമായി ആവിഷ്കരിക്കുന്നതെല്ലാം അല്ലാഹുവിന്റെ മുമ്പിൽ നേർക്കുനേരെ നടത്തുന്ന ചെയ്തികളായിരിക്കും എന്നാണ്. ■